"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീ.ഷൈജു വർഗീസ് -ന്റെ പിതാവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**415/2024/AGRI** തീയതി,തിരുവനന്തപുരം, **06-05-2024**

---

പരാമർശം:- **1.** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **23/12/2023** ലെ **ADFW/9199/2023-ACT A** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിലെ കുന്നത്തുനാട് കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷൈജു വർഗീസ് -ന്റെ പിതാവിന് നെഞ്ചുവേദനയെ തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് ചിലവായ തുക **108355/-** (ഒരു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം) രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ച **85360/-** (എൺപത്തി അയ്യായിരത്തി മുന്നൂറ്റി അറുപതു രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിനു സമർപ്പിച്ചിരുന്ന അപേക്ഷ ശിപാർശ ചെയ്ത് പരാമർശം കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾ ഈ ചികിത്സയ്ക്കായി പലിശ രഹിത വായ്പ എടുത്തിട്ടില്ലെന്ന് സത്യവാങ്മൂലം മേലധികാരി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിലെ കുന്നത്തുനാട് കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷൈജു വർഗീസ് -ന്റെ പിതാവിന് **23.02.2022** മുതൽ **28.02.2022** വരെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ **85,360/-**രൂപയുടെ **80** ശതമാനമായ **68,288/-**രൂപ (അറുപത്തെണ്ണായിരത്തി ഇരുന്നൂറ്റി എൺപത്തെട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.(ഒറിജിനൽ ബില്ലുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ഓഡിറ്റ് കേരള, തിരുവനന്തപുരം.

ശ്രീ.ഷൈജു വർഗ്ഗീസ് , കൃഷി അസിസ്റ്റന്റ് , (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
സബ് ട്രഷറി ഓഫീസർ , സബ് ട്രഷറി, ഉഴവൂർ
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ് **(2711264 LNS-L8/86/2024 -**ഫിൻ തീയതി. **12.03.2024)**
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/11/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ